# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :264 15.12.2015 ൽ മറുപടിയ്ക്ക്

## സർക്കാർഭൂമി കയ്യേറ്റം

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എ.കെ.ബാലൻ

,, ബി.ഡി. ദേവസ്സി

,, ജെയിംസ് മാത്യു

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വൻതോതിൽ സർക്കാർ ഭൂമി കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | വൻകിട കയ്യേറ്റക്കാർ കൈയടക്കിയ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വൻകിട കയ്യേറ്റക്കാർ അനധികൃതമായി കൈവശം വെക്കുന്ന സർക്കാർ ഭൂമിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | കോട്ടയം ജില്ലയിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 11-ൽപ്പെട്ട വേമ്പനാട് കായൽ പുറമ്പോക്കിൽ 5.29.86 ഹെക്ടർ കുമരകം ലേക്ക് റിസോർട്ട് ഉടമകൾ കയ്യേറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിതുര വില്ലേജിൽ ആറ്റുപുറമ്പോക്ക് ഭൂമി ഏതാണ്ട് 5 ഏക്കറോളം കൈയ്യേറി The Dukes Forest Resort നിർമ്മിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കലവൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന ഫിഷർമെൻ ബീച്ച് റിസോർട്ട്, ആര്യാട് തെക്ക് വില്ലേജിലെ ബീച്ച് റിസോർട്ട്, മല്ലയ്ക്കൽ വില്ലേജിലെ ക്ലബ് ലേക്ക് റിസോർട്ട് എന്നിവയുടെ ഭാഗങ്ങൾ സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടു വരുന്ന 3 കേസുകളും, |

| | | |
|---|---|---|
| | | ചേർത്തല താലൂക്കിൽ സൈറസ്, കാപ്പികോ റിസോർട്ടുകളുടെ കൈയ്യേറ്റവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടന്ന കേസുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | അനധികൃതമായി കൈവശം വെക്കുന്ന വനം, റവന്യൂ ഭൂമിയും പാട്ട ഭൂമിയും മറിച്ചു വില്ക്കുന്ന കാര്യം അറിവുള്ളതാണോ; ഇങ്ങനെ മറിച്ചുവില്ക്കപ്പെട്ട ഭൂമിയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എ.വി.ടി. കമ്പനി മറിച്ചു വില്പന നടത്തിയ ഭൂമിയുടെ അളവെത്ര; | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ, കലഞ്ഞൂർ വില്ലേജുകളിലായി എ.വി.റ്റി കമ്പനി 112.77.84 ഹെക്ടർ ഭൂമി മറിച്ചു വിൽപന നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 7 ജില്ലകളിലായി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും അവർ മറിച്ചു വിറ്റതുമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ ഇതനുസരിച്ച് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശ ഭൂമിയും അവർ വിറ്റ ഭൂമിയും ഉൾപ്പെടെ 37220 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിക്ക് പുറമെ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി വയനാട് ജില്ലയിൽ 2 കരാർ ഉടമ്പടി പ്രകാരം ഏകദേശം 35,000 ഏക്കർ ഭൂമിയും തൃശ്ശൂർ ജില്ലയിൽ 6063 ഏക്കർ ഭൂമിയും കൈവശം വച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി സംബന്ധിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ ഓഫീസറുടെ |

| | | |
|---|---|---|
| | | നടപടിക്രമത്തിനെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഫയൽ ചെയ്ത കേസിൽ കോടതി ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുകയാണ്. കൊല്ലം ജില്ലയിലെ കുളിർകാട് മേഖലയിൽ വനം, റവന്യൂ ഭൂമിയുടെ വൻതോതിലുള്ള കൈയ്യേറ്റം സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വെ നടത്താനും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ ട്രാവൻകൂർ റബർ & ടീ കമ്പനിയുടെ കൈവശഭൂമി സംബന്ധിച്ച വിഷയത്തിലും മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്. |
| (ഇ) | കയ്യേറ്റ ഭൂമിയും പാട്ടഭൂമിയും മറിച്ച് വില്ക്കുന്നതിന് സഹായിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കടുത്ത നടപടി സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടോ; വിശദമാക്കാമോ? | കയ്യേറ്റ ഭൂമിയും, പാട്ടഭൂമിയും മറിച്ചു വിൽക്കുന്നതിൽ ഉദ്യോഗസ്ഥർ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്. |

ഒ.കെ.വി.Kunhy

**സെക്ഷൻ ഓഫീസർ**

ഭൂമികയ്യേറ്റം

## സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരങ്ങൾ.

| | | |
|---|---|---|
| തിരുവനന്തപുരം | - | 102.67.62 ഹെക്ടർ. |
| കൊല്ലം | - | 12.78.05 ഹെക്ടർ |
| പത്തനംതിട്ട | - | 5.18.70 ഹെക്ടർ |
| ആലപ്പുഴ | - | 03 ഹെക്ടർ 86 ആർസ് 32 ച.മീറ്റർ. |
| കോട്ടയം | - | 6.53.8515 ഹെക്ടർ. |
| ഇടുക്കി | - | 783.02 ഹെക്ടർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4941.5832 ഹെക്ടർ. |
| എറണാകുളം | - | 5.8135 ഹെക്ടർ |
| തൃശ്ശൂർ | - | 4.7029 ഹെക്ടർ. |
| കോഴിക്കോട് | - | 13.2324 ഹെക്ടർ |
| വയനാട് | - | 79.5592 ഹെക്ടർ |
| പാലക്കാട് | - | 13.6740 ഹെക്ടർ |
| കണ്ണൂർ | - | 1.7923 ഹെക്ടർ |
| കാസർഗോഡ് | - | 30.29 ഏക്കർ |

C. K. Vijayan

Section Officer.